നമ്പർ 293/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
## മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
മർത്തമറിയം വനിതാ സമാജത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു എന്നറിയുന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം, പ. ദൈവമാതാവിന്റെ വാങ്ങിപ്പ് ദിവസമായ ആഗസ്റ്റ് 15-ാം തീയതി മർത്തമറിയം വനിതാസമാജദിനമായി ആചരിച്ചുവരികയാണല്ലോ. വിശുദ്ധ വേദപുസ്തകവുമായി കൂടുതൽ ശക്തമായ ഒരു ബന്ധം ഉണ്ടാവണമെന്നുള്ള ആഗ്രഹത്തോടെ, കഴിഞ്ഞ രണ്ടു വർഷമായി ജൂലൈ 15 മുതൽ ആഗസറ്റ് 14 വരെ **ബൈബിൾ മാസമായി** ആചരിക്കുന്നതിന് സമാജം പ്രവർത്തകർ കാണിക്കുന്ന ഉത്സാഹത്തെ നാം ശ്ലാഘിക്കുന്നു. ഈ വർഷവും ജൂലൈ 15 മുതൽ ഓഗസ്റ്റ് 14 വരെ ബൈബിൾ മാസമായി എല്ലാ ഇടവകകളിലും ആചരിക്കേണ്ടതാണ്. അതോടൊപ്പം 720 മണിക്കൂർ തുടർച്ചയായി തിരുവചനം വായിക്കത്തക്കവിധം **അഖണ്ഡബൈബിൾ പാരായണം** എന്ന പേരിൽ ഒരു പദ്ധതികൂടി ഈ വർഷം ഉൾപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നു. ഇക്കാര്യങ്ങളിൽ മർത്തമറിയം സമാജം പ്രവർത്തരോടൊപ്പം, പ. സഭാംഗങ്ങൾ എല്ലാവരും പങ്കാളികളാകണമെന്ന് താത്പര്യപ്പെടുന്നു. വി. വേദപുസ്തകം തെറ്റുകൂടാതെ വായിക്കുന്നതിനും, നിർദ്ദിഷ്ഠ വേദഭാഗങ്ങൾ വേഗത്തിൽ വായിക്കുന്നതിനും, വേദവാക്യങ്ങൾ പുസ്തക ക്രമത്തിൽ എഴുതുന്നതിനും ഈ ക്രമീകരണം സഹായകമാകും എന്നുള്ളതും നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഈ വർഷത്തെ ബൈബിൾ മാസാചരണത്തിന്റെ ഉത്ഘാടനം ജൂലൈ 15 -ന് ബഹുമാനപ്പെട്ട വികാരിമാരുടെ നേതൃത്വത്തിൽ ഇടവകകളിൽ വച്ച് നടത്തുകയും, വാങ്ങിപ്പ് പെരുന്നാൾ ദിവസം ഉചിതമായ രീതിയിൽ സമാപന പരിപാടികൾ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

വീണ്ടും പ്രിയരേ, സഭാ മക്കളുടെ സാമ്പത്തികവും ആത്മീകവുമായ ഉന്നമനത്തോടൊപ്പം സമൂഹത്തിന്റെയും കൂടി വികസനം ലക്ഷ്യമാക്കിയിരിക്കുന്ന സാമൂഹ്യക്ഷേമപദ്ധതിയായ **നവ ജ്യോതി മോംസ്** നമ്മുടെ എല്ലാ പള്ളികളിലും മർത്തമറിയം സമാജത്തിന്റെ സേവന വിഭാഗമായി പ്രവർത്തിക്കണം. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മർത്തമറിയം സമാജം കേന്ദ്ര ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 ജൂൺ മാസം 11 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.